ॐ

ഭാരതമാകെ ഭാദ്രപദമാസത്തിലെ ശുക്ലപക്ഷപഞ്ചമിതിഥിയിൽ ഋഷിപഞ്ചമി ആഘോഷിച്ചു വരുന്നു.ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർ ഋഷിപഞ്ചമി എന്തെന്ന ജ്ഞാനം ലഭിക്കാത്തവരായി പൂജകളിലും ഹോമങ്ങളിലും വ്യാപൃത രാകുന്നു.'ഋഷി'യെന്നത് സന്യാസനാമവും 'പഞ്ചമി'യെന്നത് തിഥിയുമാകുന്നു .ഈ രണ്ടു സംസ്കൃതപദങ്ങളും സംഗമിക്കുന്ന ഋഷിപഞ്ചമി ആരെ പ്രാർത്ഥ നാനിരതമായി സ്തുതിക്കുന്ന ദിനമെന്ന് സർവ്വലോകവാസികളും അറിയേണ്ടു ന്ന വൈദികജ്ഞാനമാകുന്നു.

പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചറിയുവാൻ ധ്യാനനിരതരായി ഉഗ്ര തപം ചെയ്ത അഞ്ചു ഋഷിമാരായ പുത്രന്മാരുടെ മുന്നിൽ പരമപിതാവായ വിശ്വകർമ്മ ഭഗവാൻ പ്രത്യക്ഷമായ തിഥിയത്രെ ഋഷിപഞ്ചമി.അവരത്രെ സനക ,സനാതന,അഭുവനസ,പ്രജ്ഞസ ,സുവർണ്ണസ എന്നീ ഋഷിമാർ.അവർ തന്നെയാണ് ആദിബ്രഹ്മാക്കളായ മനു,മയ,ത്വഷ്ട,ശില്പി,വിശ്വജ്ഞ.

പ്രപഞ്ചസ്രഷ്ടാവും ജഗത്പാലകനും ബ്രഹ്മാണ്ഡസ്വരൂപനും ഏകനുമായ പരമാത്മാവാണ് വിശ്വകർമ്മ ഭഗ വാനെന്നും അഞ്ചുവേദങ്ങളിലും പ്രതിപാദിക്കുന്ന.അഞ്ചാമത്തെ വേദമായ പ്ര ണവവേദത്തെ യജ്ഞകർമ്മങ്ങൾക്കായി ഉപയോഗിക്കാതിരുന്നതുകൊണ്ട് നൂറ്റാ ണ്ടുകളായി നമ്മുക്കന്യമായി.പ്രണവവേദം ശാസ്ത്രസത്യങ്ങളുടെ,താരാപഥങ്ങ ളുടെ,സൗരയുഥത്തിന്റെ,നിർമ്മാണകലയുടെ,ഗോളശാസ്ത്രത്തിന്റെ,ഗണിതവി ജ്ഞാനത്തിന്റെ,അപാരമായ അറിവുകളുടെ നിധി ശേഖരമാണ്.

ലോകത്തിലെ ആദ്യഗ്രന്ഥമായി ഗണിക്കുന്നത് ഋഗ്വേദത്തെയാണ്.ആദിവേദകാലഘട്ടത്തിലെ ജ്ഞാനസാഗരങ്ങളാണ് ഋഗ്വേദം ,യജുർവേദം,സാമവേദം,അഥർവ്വവേദം,പ്രണവവേദം എന്നിവ.അഞ്ചുവേദങ്ങളി ലും സനാതനബ്രഹ്മത്തെ പ്രകീർത്തിക്കുന്ന മന്ത്രങ്ങളാണ്.ഭാരതമതം സനാതന ധർമ്മത്തിലധിഷ്ഠിതമാണ്.ആരൊക്കെ തകർക്കാൻ ശ്രമിച്ചാലും തകർക്കാൻ ക ഴിയാത്ത സുദൃഢ ദർശനം 'ലോകാസമസ്താ സുഖിനോ ഭവന്തുവും''വ സുധൈവകുടുംബകവും' പൗരാണിക ഭാരതം പ്രഘോഷിച്ചത് സനാതന ധർമ്മ ത്തിലൂടെയാണ്.അവിഭക്തഭാരതം എത്ര വിശാലമായിരുന്നു.അതിനാൽ ഭാരതഖ ണ്ഡമെന്നും അറിയപ്പെട്ടു.ലോകത്തെ മറ്റൊരു രാഷ്ട്രത്തിലും പിറന്നുവീണതല്ല വേദങ്ങൾ.വേദങ്ങൾ സനാതന ബ്രഹ്മമായ വിശ്വകർമ്മ ഭഗവാനെ വാഴ്ത്തി സ്തുതിക്കുന്നു.

വിശ്വകർമ്മഭഗവാനെ സംപ്രീതനാക്കുന്ന സാമഗാനങ്ങൾ സത്യങ്ങളായി നില നിൽക്കുമ്പോൾ നൂറ്റാണ്ടുകൾക്കുശേഷം ചമയ്ക്കപ്പെട്ട ഇതിഹാസകാവ്യങ്ങളിൽ വിശ്വകർമ്മ ഭഗവാനെ ദേവശില്പിയായി തരംതാഴ്ത്തുന്ന പ്രക്രിയ നിർവ്വഹിച്ചു.വിശ്വകർമ്മ ഭഗവാൻ പ്രപഞ്ചസൃഷ്ടിയ്ക്കായി മൂന്ന് സ്വരൂപങ്ങളായി മാറുന്നതാണ് ബ്രഹ്മ,വിഷ്ണു,രുദ്രന്മാർ.'ഏകം സത് വിപ്രാ ബഹുധാ വദന്തി'.അഗ്നി,ഇന്ദ്രൻ,സോമൻ,വരുണൻ,പർജ്ജന്യൻ എന്നതെല്ലാം വിശ്വകർമ്മാംശങ്ങളാണ്.സൂര്യനെ കൈയിൽ വച്ചിരിക്കുന്നവനും,പ്രകാശം നൽകുന്നവനും വിശ്വകർമ്മാവെന്നു വേദമതം.സൂര്യനെ നിയന്ത്രിക്കുന്നവനും,ലോകപാലകനുമായ വിശ്വകർമ്മഭഗവാനെ കണ്ടെത്തുന്ന മഹാമന്ത്രങ്ങളിലൊന്നാണ് ഗായത്രി.വാചസ്പതിയായ ഭഗവാനെ സന്തോഷിപ്പിക്കുവാൻ ഹവിസ് സമർപ്പിച്ച് സാഷ്ടാംഗ പ്രണാമത്തോടെ വാണീദേവിയെ കരതലാമലകമാക്കുന്ന വിദ്യാമന്ത്രങ്ങൾ വ്യാഖ്യാനങ്ങൾക്കുമപ്പുറത്താണ്.രാമായണത്തിൽ നിറഞ്ഞുനിൽക്കുന്ന മോക്ഷമന്ത്രങ്ങളെല്ലാം വേദപ്പൊരുളായ വിശ്വകർമ്മാവിന്റെ പരബ്രഹ്മവർണ്ണനകളാണ്.

സ്വയംഭൂവായ വിശ്വകർമ്മ പരമേശ്വരൻ പ്രപഞ്ചപാലനത്തിനായി മന്വാദികർക്ക് വേദരഹസ്യങ്ങൾ പകർന്നു നൽകുവാൻ പ്രത്യക്ഷമായ ഋഷിപഞ്ചമി ജ്ഞാനവിജ്ഞാനങ്ങളുടെ ഗരിമയുയർത്തുന്ന പുണ്യദിനമാണ്.അക്ഷര പൂജ ആരംഭിക്കുന്നത് വിശ്വകർമ്മ പൂജയിലൂടെയാണ്.നവരാത്രി ആഘോഷങ്ങൾ സമാപിക്കുന്നതും ലോകേശനും മഹേശ്വരനുമായ വിശ്വകർമ്മ പരബ്രഹ്മത്തെ പ്രസന്നമാകുന്ന സംഗീതസാഹിത്യ സദിരുകളിലൂടെയാകുന്നു.



**ആറ്റൂർ ശരച്ചന്ദ്രൻ**

**സംസ്ഥാന പ്രസിഡന്റ്**

**ശ്രീ വിശ്വകർമ്മ വേദപഠന കേന്ദ്ര ധാർമ്മിക സംഘം**

**9746351425**